II ഇ.ബി.XIV-കേരള നിയമസഭ/X-13

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 19, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 37 (*361) തസ്തിക നഷ്ടമായ അദ്ധ്യാപകരുടെ സംരക്ഷണത്തിന് അദ്ധ്യാപക ബാങ്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് തസ്തിക നഷ്ടമായ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായി അദ്ധ്യാപക ബാങ്ക് രൂപീകരിച്ചിട്ടുണ്ടെന്നും 03-12-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയ കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7 ൽ 1 മുതൽ 4 വരെയുള്ള ഉപചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളാണ് സംരക്ഷിതാദ്ധ്യാപകരുടെ പുനർ നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. എയ്ഡഡ്, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലായി 2548 വിവിധ തസ്തികകൾ സൃഷ്ടിച്ച്

ഉത്തരവായിട്ടുണ്ടെന്നും എയ്ഡഡ് സ്കൂളുകളിൽ ടി തസ്തികകളിൽ നിയമനം നടത്തുന്നതിന് എല്ലാ ആർ.ഡി.ഡി. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാലയങ്ങളുടെ നിലവാരമുയർത്തി കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. കലാ-കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തുന്നതാണ്. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകൾ സംയോജിപ്പിക്കുമ്പോൾ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച് പഠിക്കുന്നതിനായി നിയമിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള കോടതി ഉത്തരവിന് വിധേയമായി ശാസ്ത്രീയ പഠനം നടത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതാണ്. വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും ശമ്പളവും ലഭിക്കാത്ത എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് അവ ലഭ്യമാക്കുകയും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. അദ്ധ്യാപകർക്ക് കഴിവതും താമസ സ്ഥലത്തിനടുത്തുള്ള സ്കൂളുകളിൽ നിയമനം ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്നതാണെന്നും നിശ്ചിതയോഗ്യതയുള്ളവരെയാണ് എയ്ഡഡ്

സ്കൂളുകളിലുൾപ്പെടെയുള്ളവയിൽ അദ്ധ്യാപകരായി നിയമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

38 (*362) എൽ.ഇ.ഡി. ലൈറ്റ്, നിരോധിത വലകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, ബോട്ടുകളും വള്ളങ്ങളും എൽ.ഇ.ഡി. ലൈറ്റ്, നിരോധിത വലകൾ എന്നിവ ഉപയോഗിച്ച് കടലിൽ നടത്തുന്ന രാത്രികാല മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് കെ.എം.എഫ്.ആർ. (കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ) ആക്ടിൽ ഭേദഗതി വരുത്തി ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇത്തരം മത്സ്യബന്ധന രീതികൾ മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണമാകും. സംസ്ഥാനങ്ങളുടെ 12 നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ടെറിട്ടോറിയൽ വാട്ടർ പരിധിക്കപ്പുറം എൽ.ഇ.ഡി. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ളതും ചില തദ്ദേശീയ ബോട്ടുകളും ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് തടയുന്നതിന് കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ട്രോളറുകൾ ഉപയോഗിച്ചും മറ്റ് നിരോധിത മാർഗ്ഗത്തിലൂടെയുമുള്ള മത്സ്യബന്ധനം തടയുന്നതിനും കടലിൽ മാലിന്യം നിക്ഷേപിക്കുന്നത് നിയന്ത്രിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യസമ്പത്ത് കുറയുന്നത്

സംബന്ധിച്ച CMFRI (Central Marine Fisheries Research Institute)-യുടെ പഠന റിപ്പോർട്ടിൻപ്രകാരമാണ് ആക്റ്റിൽ ഭേദഗതി വരുത്തി നടപടി സ്വീകരിച്ചു വരുന്നതെന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതാണെന്നും മത്സ്യത്തിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിനായി സി.ഐ.എഫ്.റ്റി. (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) നിർമ്മിച്ച പേപ്പർ സ്ട്രിപ്പ് സംവിധാനം വിജയകരമാണെന്നും അത് വ്യാവസായികാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

39 (*363) <u>റോഡുകളുടെ പരിപാലനം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നിലവിലെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ പി സി വ്യവസ്ഥയിൽ നടപ്പിലാക്കിയും ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുമാണ് റോഡ് നിർമ്മാണം നടത്തുന്നത്. ഓരോ വർഷവും

ചീഫ് എഞ്ചിനീയർ/ഗവൺമെന്റ് സെക്രട്ടറി/ജില്ലാ കളക്ടർ എന്നിവർ റോഡുകളുടെ പരിശോധന നടത്തിവരുന്നുണ്ട്. റോഡുകൾ നിശ്ചിത ഇടവേളകളിൽ റീസർഫേസിംഗ് പ്രവൃത്തികൾ നടത്തി സഞ്ചാരയോഗ്യമാക്കാറുണ്ടെന്നും സാങ്കേതിക സഹായത്തിന് സി.ആർ.ആർ.ഐ-യുടെ (സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) സേവനം ഉപയോഗപ്പെടുത്തിവരികയാണെന്നും 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും ഓഫീസിൽ ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് സംവിധാനമുണ്ടെന്നും മന്ത്രി അറിയിച്ചു. സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടെന്നും റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള കർശന നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടെന്നും നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾക്ക് നിശ്ചിത കാലയളവുവരെ കേടുപാടുകൾ സംഭവിക്കില്ലെന്ന് ഉറപ്പുവരുത്താനായി ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും അതിനിടയിൽ വരുന്ന അറ്റകുറ്റപ്പണികൾ കരാറുകാരന്റെ ചെലവിൽ പൂർത്തിയാക്കേണ്ടതാണെന്നും പിരീഡ് 7 വർഷം വരെ വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. കരാറിലേർപ്പെട്ടിട്ടും അറ്റകുറ്റപ്പണികൾ നടത്താത്തവരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും റോഡ് നിർമ്മാണത്തിന്

വേസ്റ്റ് പ്ലാസ്റ്റിക്, റബ്ബർ, കയർ എന്നിവയിലേതെങ്കിലും നിർബന്ധമായും ഉപയോഗിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇത് വ്യാപകമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ബൈപ്പാസുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ഗതാഗതം സുഗമമാക്കുന്നതിനും അനധികൃത റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

40 (*364) കശുവണ്ടിത്തൊഴിലാളികളും വ്യവസായികളും നേരിടുന്ന ബുദ്ധിമുട്ടുകൾ

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിക്കുന്നതിനും ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശയും വിലക്കയറ്റത്തിന് ആനുപാതികമായ കാഷ്യൂ ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും തോട്ടണ്ടിയുടെ ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ ചുങ്കം ഏർപ്പെടുത്തിയതും വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേക്കെത്തിക്കുകയും ചെയ്തു. തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് ഇറക്കുമതി ചെയ്ത് കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന

ലക്ഷ്യത്തോടെ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖാന്തരം മിതമായ നിരക്കിൽ വ്യവസായത്തിനാവശ്യമായ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി ലഭ്യമാക്കുന്നതിനാണ് ശ്രമിക്കുന്നത്. കടക്കെണിമൂലം ജപ്തി ഭീഷണി നേരിടുന്ന ഫാക്ടറി ഉടമകളെ സഹായിക്കുന്നതിനായി ഒരു റിവൈവൽ പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകാൻ 156 തൊഴിൽദിനങ്ങൾ നിർബന്ധമായും ഉണ്ടാകണമെന്ന കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3704 മുതൽ 4034 വരെയുള്ള ചോദ്യങ്ങളിൽ 172 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)